നിയമസഭാനടപടികൾ

പതിനൊന്നാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്തംബർ 4, ബുധൻ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 1985 സെപ്തംബർ 4-ാം തീയതി ബുധനാഴ്ച രാവിലെ 8-30ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ (ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട്

*25 [29] ശ്രീ. സിറിയക് ജോൺ:
,, ബെന്നി ബഹനാൻ:
,, കെ. സി. ജോസഫ്:
,, പി. പി. തങ്കച്ചൻ:
,, പന്തളം സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് അതേപടി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഏതെല്ലാം ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്;

(ഡി) ഏതെല്ലാം നടപ്പിലാക്കി;

(ഇ) ഈ റിപ്പോർട്ടിനെ സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകൾ, വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ, അദ്ധ്യാപക പ്രതിനിധികൾ മറ്റു ബന്ധപ്പെട്ടവർ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ റിപ്പോർട്ട് യൂണിവേഴ്സിറ്റികളുടെ സിൻഡിക്കേറ്റുകളിലും സെനറ്റുകളിലും ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കുന്നതിന് ഗവൺമെൻറിന് ഏതെങ്കിലും വിധത്തിലുള്ള എതിർപ്പുണ്ടോ;

(ജി) കേരളത്തിലെ ഏതെങ്കിലും വിദ്യാർത്ഥി സംഘടന ഈ റിപ്പോർട്ട് തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാർത്ഥി സംഘടനകൾ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പ്രധാനപ്പെട്ട ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി) കമ്മീഷൻറെ ശുപാർശകളിൻമേൽ ബന്ധപ്പെട്ട സർവ്വകലാശാലാ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഇതിനെപ്പറ്റി പരിഗണിക്കുകയുള്ളൂ.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഇല്ല.

(ജി) ഉണ്ട്.

(എച്ച്) ആൾ ഇൻഡ്യാ ഡെമോക്രാറ്റിക് സ്റ്റുഡൻറ്സ് ഓർഗനൈസേഷൻ.

ശ്രീ. കെ. സി. ജോസഫ്: ഡൽഹിയിൽ ചേർന്ന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിൽ വച്ച് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽനിന്ന് പ്രീ-ഡിഗ്രി കോഴ്സ് മാറ്റി പ്രത്യേകമായ ഒരു സംവിധാനം ഏർപ്പെടുത്തും എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതായി വായിക്കാൻ ഇടയായി. അതിനെ സംബന്ധിച്ച് ഗവൺമെൻറിൻറെ അന്തിമമായ നയം വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: ഇൻഡ്യയിൽ കേരളം ഒഴികെ ചുരുക്കം ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ മാത്രമേ പ്രീ-ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ടു പോകുന്നുള്ളൂ. ഒരു ദേശീയ നയം എന്നുള്ള നിലയിൽതന്നെ പ്രീ-ഡിഗ്രി കോഴ്സ് പ്ലസ് 2 എന്നുള്ള നിലയിൽ യൂണിവേഴ്സിറ്റികളിൽനിന്നു മാറ്റി ഒരു ഹയർ സെക്കൻറ്റി ബോർഡിൻറെ കീഴിൽ കൊണ്ടുവരണമെന്നുള്ള പൊതുവായ നയം അംഗീകരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനവും ആ വഴിക്കുതന്നെ നീങ്ങുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ഡൽഹിയിലെ ആ സമ്മേളനത്തിൽവച്ചുതന്നെ കേരളത്തിലെ സർവ്വകലാശാലാ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കാൻ ഗവൺമെൻറ് തീരുമാനിച്ചു എന്ന് മന്ത്രി പറഞ്ഞതായി ഒരു റിപ്പോർട്ട് വായിക്കാൻ ഇടയായി. കേരളത്തിലെ കോളേജുകളിലെ ഫീസ് വർദ്ധിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ? ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറിൻറെ തീരുമാനം വെളിപ്പെടുത്താമോ?

*അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അവിടെ ഒരു ദേശീയ നയമാണ് പൊതുവായി ചർച്ച ചെയ്തത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് അയച്ചുതന്നിരിക്കുന്ന ആ രേഖയിൽത്തന്നെ നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഇന്ന് നിലവിലുള്ള ഫീസ് വളരെ കുറവാണെന്ന് ചൂണ്ടി കാണിച്ചിട്ടുണ്ട്. സാമ്പത്തികമായി കഴിവുള്ള കുട്ടികളിൽനിന്നും കൂടുതൽ ഫീസ് ഈടാക്കുകയും അതുപോലെതന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യമായി ഉന്നത വിദ്യാഭ്യാസം നൽകുകയും ചെയ്യണമെന്നുമാണ് ഞാൻ പറഞ്ഞത്. സാമ്പത്തികഭദ്രതയുള്ള കുട്ടികളിൽ നിന്ന് ഫീസ് കൂടുതൽ ഈടാക്കുന്നതിൽ തെറ്റില്ല എന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയം സ്വാഗതാർഹമാണ് എന്നു പറയുകയും ഇങ്ങിനെ സബ്സിഡൈസ് ചെയ്യേണ്ടിവന്നാൽ അങ്ങിനെ വരുന്ന തുക കേന്ദ്ര ഗവൺമെന്റ് നൽകണമെന്നുമാണ് ഞാൻ അഭ്യർത്ഥിച്ചത്. ഞാൻ പറഞ്ഞതിന്റെ ഒരു ഭാഗം മാത്രം അടർത്തിയെടുത്ത് പത്രത്തിൽ റിപ്പോർട്ടുചെയ്തതാണ് തെറ്റിദ്ധാരണയ്ക്ക് ഇടയുണ്ടാക്കിയത്. ആ സമ്മേളനത്തിൽ പൊതുവായ നിർദ്ദേശങ്ങൾ എല്ലാ മന്ത്രിമാരും സ്വാഗതം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ഫീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഫീസ് വർദ്ധിപ്പിക്കാൻ യാതൊരു തീരുമാനവും എടുത്തിട്ടില്ല. അങ്ങനെയൊരു നിർദ്ദേശം വന്നാൽ അത് പരിഗണനാർഹം ആണെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. എ. വി. താമരാക്ഷൻ: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞാൽ ഇന്നുള്ള സംവരണതത്വം പോലും അദ്ധ്യാപകരുടെ നിയമനത്തിൽ നടപ്പിലാക്കാൻ കഴിയുകയില്ല എന്നും പ്രീഡിഗ്രിക്ക് 50 ശതമാനം മാർക്ക് എന്നുള്ളത് നിജപ്പെടുത്തിക്കഴിഞ്ഞാൽ ഹരിജനങ്ങൾ, ആദിവാസികൾ മുതലായ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ വാതിൽപോലും അടയ്ക്കപ്പെടും എന്നും ഗവൺമെന്റ് കരുതുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിനകത്ത് വളരെയേറെ ശുപാർശകൾ ഉണ്ട്. ആ ശുപാർശകളിൽ ഒന്നുരണ്ടെണ്ണമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇങ്ങനെയുള്ള കാര്യത്തിലൊന്നും ഗവൺമെന്റ് അന്തിമമായി യാതൊരു തീരുമാനവും എടുത്തിട്ടില്ല. ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സെനറ്റുകൾ അതു സംബന്ധിച്ചുള്ള ചർച്ചകൾക്കുവേണ്ടി ഈ മാസം യോഗം ചേരുന്നുണ്ട് എന്നാണ് ഞാൻ അറിഞ്ഞത്. അവരുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ ഗവൺമെന്റ് ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനിക്കുകയുള്ളൂ.

ശ്രീ. വി. ദിനകരൻ: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ 50 ശതമാനം മാർക്കിന് താഴെയുള്ളവരെ കോളേജിൽ പ്രവേശിപ്പിക്കാൻ പാടില്ലെന്നും അതുപോലെതന്നെ ആട്ടോണമസ് കോളേജ് ആരംഭിക്കണമെന്നും ഉള്ള രണ്ട് പ്രധാനപ്പെട്ട ശുപാർശകൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ ഇപ്പോൾ പറയുകയുണ്ടായി ഈ 50 ശതമാനം മാർക്കിന്റെ കാര്യത്തിൽ പ്രത്യേകമായ ഒരു തീരുമാനവും എടുത്തിട്ടില്ലെന്ന്. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ആളുകളെ വിദ്യാഭ്യാസരംഗത്തുനിന്ന് പൂർണ്ണമായി ഒഴിച്ചു നിർത്തുവാനുള്ള ഹീനമായ ഒരു നിർദ്ദേശമാണ് ആ റിപ്പോർട്ടിൽ അടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്നത് എന്നുള്ളതുകൊണ്ട് ആ റിപ്പോർട്ടിൽ ഉള്ള ഈ ശുപാർശ തള്ളിക്കളയാൻ ഗവൺമെന്റ് ശുപാർശ ചെയ്യും എന്ന് ഈ നിയമസഭയ്ക്ക് ഉറപ്പുതരാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെയുള്ള നിലപാട് നമുക്ക് സ്വീകരിക്കേണ്ട ആവശ്യമില്ല. കാരണം അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചു നമ്മുടെ നാട്ടിനും കുട്ടികൾക്കും പ്രയോജനകരമായ തീരുമാനം എടുക്കുകയും അല്ലാതെ ഉണ്ടെങ്കിൽ അത് പുനഃപരിശോധിക്കുകയും ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ പല നിർദ്ദേശങ്ങളും കേരളത്തിൽ ഈ നൂറ്റാണ്ടിൽ നടപ്പിലാക്കാൻ പറ്റുന്ന നിർദ്ദേശങ്ങളല്ല. കേരളത്തിലെ പ്രമുഖ വിദ്യാർത്ഥി സംഘടനകളായ എസ്. എഫ്. ഐ. യും കെ. എസ്. യു. വും അദ്ധ്യാപക സംഘടനകളും ഈ നിർദ്ദേശങ്ങൾ തള്ളിക്കളയണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ ഈ റിപ്പോർട്ട് നടപ്പാക്കാതെയിരിക്കുന്നതാണ് നമ്മുടെ സ്റ്റേറ്റിനു നല്ലത് എന്നുള്ളതുകൊണ്ട് ഈ റിപ്പോർട്ട് തള്ളിക്കളയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം ഇതിന്റെ ഒരു കോപ്പി അയച്ചുതരാം. അതിനകത്ത് വളരെ നല്ല ശുപാർശകൾ ഉണ്ടെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വിയോജിപ്പുണ്ടാകാം. എന്തായാലും എല്ലാവരും ഇത് പരിശോധിക്കുക. എന്നിട്ട് അഭിപ്രായങ്ങൾ പറയുക. നല്ല കാര്യങ്ങൾ ഉണ്ടെങ്കിൽ അത് നമുക്ക് സ്വീകരിക്കാം. സംസ്ഥാനങ്ങൾക്ക് പൊതുവായി ഗുണകരമായ കാര്യങ്ങൾ സ്വീകരിക്കുകയും അല്ലാത്തവ തള്ളിക്കളയുകയും ചെയ്യാം.

ശ്രീ. ഇ. കെ. നായനാർ: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് മന്ത്രി അയച്ചുതന്നില്ലെങ്കിലും ഞങ്ങൾ അതിന്റെ വഴിയ്ക്കുതന്നെ പോയിട്ടുണ്ട്. അതിലുള്ള ശുപാർശകൾ ഭൂരിപക്ഷവും നമ്മൾ അംഗീകരിച്ച നയത്തിനെതിരാണ്; സംവരണപ്രശ്നത്തിന്റെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലുമെല്ലാം. വരേണ്യവർഗ്ഗത്തിന് അനുകൂലമായിട്ടുള്ള എല്ലാ കാര്യങ്ങളും അതിനകത്തുണ്ട്. തീരുമാനം എടുത്തിട്ടില്ല, അതു ശരിയാണ്. യൂണിവേഴ്സിറ്റിയുടെ റെക്കമെൻഡേഷനുവേണ്ടി കാത്തുനിൽക്കുകയാണ്. അങ്ങനെ ചെയ്യുമ്പോൾ കേരളത്തിലെ വിദ്യാഭ്യാസമേഖലയിലെ വലിയ വിഭാഗം വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും ഇതിനകത്തുള്ള 90 ശതമാനം ശുപാർശകളും നടപ്പാക്കരുത് എന്നുള്ള അഭിപ്രായത്തോടു കൂടിയവരാണ്. ആ അഭിപ്രായത്തെ മാനിക്കുമോ? ഗവൺമെന്റ് ഇന്ന് കേരളത്തിന് കിട്ടിയിട്ടുള്ള അവകാശങ്ങൾക്കൊന്നും കോട്ടം വരുത്താതിരിക്കുമോ എന്നുംകൂടി പറഞ്ഞാൽ തരക്കേടില്ല.

ശ്രീ. ടി. എം. ജേക്കബ്: ആദിശേഷയ്യാ കമ്മീഷനിൽ മൂന്ന് അംഗങ്ങളാണ് ഉണ്ടായിരുന്നത്. അവർ മൂന്നുപേരും ഇൻഡ്യയിലും അതുപോലെതന്നെ ലോകത്തിലും അറിയപ്പെടുന്ന പ്രമുഖരായ വിദ്യാഭ്യാസ വിചക്ഷണൻമാരാണ്. അവർ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനു വേണ്ടി റിപ്പോർട്ട് തയ്യാറാക്കി എന്നുപറയാൻ സാധിക്കുകയില്ല. അവർ നൽകിയിരിക്കുന്നശുപാർശകൾ വിശദമായി പരിശോധിച്ചിട്ട് അതിനകത്ത് നമ്മുടെ സംസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്നത് ഉൾക്കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

അല്ലാത്ത കാര്യങ്ങൾ തള്ളിക്കളയുകയും ചെയ്യാം. ആ റിപ്പോർട്ട് അതേപടി അംഗീകരിക്കണം എന്നുള്ള പിടിവാശിയൊന്നും ഗവൺമെൻറിനില്ല. പത്തു വർഷത്തിലൊരിക്കൽ യൂണിവേഴ്സിറ്റിയുടെ നടപടിക്രമങ്ങളെപ്പറ്റി അന്വേഷിക്കാൻ കമ്മീഷനെ നിയോഗിക്കണം എന്നാണ് നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിൽ ഉള്ളത്. നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ഇതുമായി ബന്ധപ്പെട്ട ആരും ഒന്നും ചെയ്തിരുന്നില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം ആ കമ്മീഷനെ നിയോഗിച്ചു. കമ്മീഷൻ സമയപരിധിക്കുള്ളിൽതന്നെ റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിനെ സംബന്ധിച്ച് വിവിധതലങ്ങളിൽ ചർച്ചകളും പരിശോധനകളും നടത്തുകയാണ്. അതിനുശേഷം മാത്രമേ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. ആ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ടായിരിക്കും ആ കാര്യത്തിൽ തീരുമാനങ്ങൾ എടുക്കുക.

ശ്രീ. കെ. മുഹമ്മദാലി: സാമ്പത്തികമായും സാമൂഹ്യമായും ഉയർന്ന നിലവാരത്തിലുള്ള ആളുകൾക്കാണ് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് കൂടുതലായി ഉപയോഗപ്പെടുത്താൻ കഴിയുന്നത്. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാവുകയാണെങ്കിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സംസ്ഥാനത്ത് അനുവദിക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെ സാമൂഹ്യമായും സാമ്പത്തികമായും ഉയർന്ന നിലവാരത്തിൽ നിൽക്കുന്ന ആളുകളാണ് കൈകാര്യം ചെയ്യുന്നത് എന്നുള്ളതുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഈ ഉയർന്ന നിലവാരത്തിലുള്ള ആളുകൾക്ക് ലഭിക്കുന്നതുമൂലവും നല്ല മാർക്കു വാങ്ങി വിദ്യാർത്ഥികൾക്ക് വരാൻ കഴിയാത്തതുമൂലവും സാമൂഹ്യമായി പിന്നോക്കാവസ്ഥയിൽനിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നിഷേധിക്കുന്ന തരത്തിലുള്ള പുതിയ നടപടികൾ കൊണ്ടുവന്നത് തടയുവാൻ ഗവൺമെൻറ് തയ്യാറാകുമോ? ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് ആ വഴിക്കാണ് തീരുമാനിക്കുന്നതെങ്കിൽ അത് അംഗീകരിക്കാതിരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം ആർക്കും നിഷേധിച്ചിട്ടില്ല. ഇത്രയും സാർവ്വത്രികമായി ഉന്നതവിദ്യാഭ്യാസം നൽകുന്ന സംസ്ഥാനം വേറേ ഉണ്ടോ എന്നുതന്നെ എനിക്ക് സംശയമുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരാൻ കഴിയുന്ന എല്ലാവർക്കും കോളേജിൽ പ്രവേശനം കിട്ടുന്നില്ലെങ്കിൽ പ്രൈവറായിട്ട് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗം എല്ലാവർക്കും തുറന്നുകൊടുത്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കടന്നുവരുന്ന ആരേയും നിരുൽസാഹപ്പെടുത്തണമെന്നുള്ള തീരുമാനം ഗവൺമെൻറിനില്ല.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: തലമുറകളായിട്ട് വിദ്യാഭ്യാസ രംഗത്ത് പ്രവേശനം നിഷേധിക്കപ്പെട്ടതുമൂലം മാനസികമായും ബുദ്ധിപരമായും വിദ്യാഭ്യാസ രംഗത്ത് മറ്റുള്ളവരോടൊപ്പം എത്താൻ കഴിയാത്ത ബഹുഭൂരിപക്ഷംവരുന്ന കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളെ സംബന്ധിച്ചിടത്തോളം ഈ 50 ശതമാനം എന്നുള്ള ഒരു പരിധി വച്ചാൽ ഭാവിയിലും അവരെ ഈ വിദ്യാഭ്യാസ മേഖലയിൽനിന്നും മാറ്റിനിറുത്തുകയായിരിക്കും ഫലം എന്നുള്ളതുകൊണ്ടും നമ്മുടെ സമൂഹത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തും എന്നുള്ളതുകൊണ്ടും അത്തരം ഒരു മാർക്കിന്റെ പരിധി വയ്ക്കുന്ന തീരുമാനം പിൻവലിക്കാൻ ഈ സഭയ്ക്ക് ഉറപ്പുനൽകാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ആ ശുപാർശ ഇങ്ങനെയാണ്. അതൊന്ന് വായിച്ചാൽ ക്ലിയറാകുമെന്ന് എനിക്ക് തോന്നുന്നു. പ്രീഡിഗ്രിക്ക് 5% ശതമാനത്തിൽ കൂടുതൽ മാർക്കുള്ളവരെമാത്രം പ്രവേശിപ്പിക്കുകയോ ഓരോ കോളേജുകളിലും ടെസ്റ്റ് നടത്തി പ്രവേശിപ്പിക്കുകയോ ചെയ്യേണ്ടതാണ്. അതുപോലെ പ്രീഡിഗ്രി കോഴ്സ് സെക്കൻഡറി ലവലിലേക്ക് മാറ്റുകയോ അതല്ലെങ്കിൽ ജൂനിയർ കോളേജുകളിൽ ഈ കോഴ്സ് നടത്തുകയോ ചെയ്യണം. കാലക്രമേണ സെക്കൻഡറി സ്കൂളുമായി ബന്ധപ്പെട്ട് ഈ കോഴ്സുകളും മുന്നോട്ടുകൊണ്ടുപോകേണ്ടതാണ്. അതൊരു ശുപാർശയായിട്ടാണ് അവർ പറഞ്ഞിരിക്കുന്നത്. രണ്ട് ഭാഗങ്ങളാണ് അതിനുള്ളത്. ആദ്യം പറഞ്ഞ ഒരു ഭാഗത്തെ സംബന്ധിച്ചാണ് പലരും വിവാദപരമായി ഇവിടെ പറഞ്ഞത്. രണ്ട് ആൾട്ടർനേറ്റീവാണ് പറഞ്ഞത്. ഒന്നുകിൽ 50 ശതമാനം മാർക്കുള്ളവരെമാത്രം പ്രവേശിപ്പിക്കുക, അല്ലെങ്കിൽ ഓരോ കോളേജിലും ടെസ്റ്റ് നടത്തി കുട്ടികളെ പ്രവേശിപ്പിക്കുക എന്നുള്ളതാണ് ശുപാർശയായിട്ട് പറഞ്ഞിരിക്കുന്നത്. എന്താണെങ്കിലും ഈ ശുപാർശ ഗവൺമെന്റ് അതേപോലെ അംഗീകരിച്ചിട്ടില്ല. യൂണിവേഴ്സിറ്റി സെനറ്റുകളും ഈ കാര്യത്തിൽ അഭിപ്രായം പറഞ്ഞതിനുശേഷം തീരുമാനമെടുക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ കേരളത്തിൽ സാർവ്വത്രികമായി ഉന്നതവിദ്യാഭ്യാസരംഗം എല്ലാവർക്കും തുറന്നുകൊടുത്തിരിക്കുന്ന നിലയ്ക്കും മറ്റു പല സംസ്ഥാനങ്ങളിലും ആട്ടോണമസ് കോളേജുകളും വളരെ വിജയപ്രദമായി നടക്കുന്നു എന്ന് റിപ്പോർട്ടുകളും ഉള്ള നിലയ്ക്കും ഇത്രയേറെ കുട്ടികളും ഇവിടെ പഠിക്കുന്ന നിലയ്ക്കും ആട്ടോണമസ് കോളേജുകളെപ്പറ്റി പഠിക്കുന്നതിനു വേണ്ടി ഡോ. ഗോപാലൻ ചെയർമാനായി ഒരു കമ്മീഷനെ വച്ചിട്ടുണ്ടെന്നാണ് ഞങ്ങളുടെ ഓർമ്മ. അങ്ങനെയാണെങ്കിൽ ആ റിപ്പോർട്ട് ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ? പഠിച്ചിട്ടില്ലെങ്കിൽ ആട്ടോണമസ് കോളേജുകളെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് എന്താണെന്ന് വ്യക്തമാക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതിനെ സംബന്ധിച്ച് അന്തിമമായി ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. ഡൽഹിയിൽ നടന്ന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിൽ ഒരു ദേശീയനയം എന്നുള്ള നിലയിൽതന്നെ ആട്ടോണമസ് കോളേജുകളുടെ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തു. ആട്ടോണമസ് കോളേജുകളും ഇന്ത്യയിൽ എല്ലാ ഭാഗങ്ങളിലും ആരംഭിക്കണമെന്ന പൊതുവായ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ആ വിഷയമടക്കമുള്ള കാര്യങ്ങളും ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലും ചർച്ച ചെയ്യണമെന്നാണ് അവിടെവച്ച് തീരുമാനമെടുത്തിരുന്നത്. അതിൽമേലും അന്തിമമായ തീരുമാനമെടുത്തിട്ടില്ല. ഗോപാലൻ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്. ഗവൺമെന്റ് അത് വിശദമായിട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആട്ടോണമസ് കോളേജുകളും തുടങ്ങേണ്ട കാര്യത്തെ സംബന്ധിച്ചിടത്തോളം വിശദമായിട്ടുള്ള പഠനം നടത്തിയാണ് ആ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. അതിൻമേൽ അന്തിമമായ തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഈ റിപ്പോർട്ടിൽ കുറെ നല്ല കാര്യങ്ങളും കുറെ സ്വീകരിക്കാൻ പറ്റാത്ത കാര്യങ്ങളും ഉണ്ടെന്നും അതുകൊണ്ട് വിശദമായ ചർച്ച ഈ കാര്യത്തിൽ ആവശ്യമാണെന്നും പിടിവാശിയില്ലാതെ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ടത്താൻ തയ്യാറാണെന്നും മന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെ യാണെങ്കിൽ ഇത് വിദ്യാഭ്യാസ രംഗത്ത് ചെറിയ മാറ്റങ്ങൾ മാത്രമല്ല നമ്മുടെ സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽപോലും ഗുരുതരമായ പരിണാമങ്ങൾ ഉണ്ടാക്കുന്ന നിർദ്ദേശങ്ങൾ എന്നുള്ള നിലയ്ക്ക് ഇതിനോട് എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ള വിദ്യാർത്ഥി സംഘടനകൾ വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ രാഷ്ട്രീയ സംഘടനകൾ എന്നിവരെ വേറെവേറെ വിളിച്ച് ഒരു ഉന്നതതല ചർച്ച നടത്തി ആവശ്യമായ പരിഷ്ക്കരണങ്ങൾ വരുത്താനും സംശയങ്ങൾ ദൂരീകരിക്കാനും നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം വിളിച്ച് സംസാരിക്കാൻ കഴിയുകയില്ല. എന്താണെങ്കിലും വിവിധവിഭാഗങ്ങളെ കൂട്ടായിട്ട് വിളിച്ച് ചർച്ച ചെയ്യുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ: സർവ്വകലാശാലകളുടെ പ്രവർത്തനം ജനാധിപത്യവൽക്കരിക്കുക എന്നുള്ളത് ആധുനികമായ ഒരു കാഴ്ചപ്പാടാണ്. അതിനെ രാഷ്ട്രീയവൽക്കരണമെന്നാക്ഷേപിച്ചുകൊണ്ട് അത്തരം ജനാധിപത്യവൽക്കരണത്തെ വളരെ ശക്തിയായി ആദിശേഷയ്യാ കമ്മീഷൻ നിരാകരിച്ചിരിക്കുകയും എതിർക്കുകയും ചെയ്തതായിട്ടാണ് പത്രവർത്തകളിൽനിന്നും മനസ്സിലാകുന്നത്. കോത്താരി കമ്മീഷൻ റിപ്പോർട്ടും ഗജേന്ദ്രഗാഡ്കർ കമ്മീഷൻ റിപ്പോർട്ടും പോലെയുള്ള റിപ്പോർട്ടുകളുമായി തുലനം ചെയ്യുമ്പോൾ ആദിശേഷയ്യാ കമ്മീഷന്റെ നിഗമനങ്ങൾ സർവ്വകലാശാലകളുടെ പ്രവർത്തനത്തെ വളരെ യാഥാസ്ഥിതികമായ സ്ഥിതിയിലേക്ക് തിരിച്ചുകൊണ്ടുപോകുവാൻ ഉപകരിക്കുന്നതാണ് എന്നുള്ളതുകൊണ്ട് അത്തരം ജനാധിപത്യവൽക്കരണത്തിനെതിരെ വന്നിട്ടുള്ള ശുപാർശകൾ പാടെ തള്ളിക്കളയാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ.ടി.എം. ജേക്കബ്: സർവ്വകലാശാലകളുടെ ഭരണത്തിൽ രാഷ്ട്രീയമായ കൈകടത്തൽ പാടില്ല എന്നുള്ള അഭിപ്രായം ആദിശേഷയ്യാ കമ്മീഷൻ പറഞ്ഞിട്ടുണ്ട്. അതേ അഭിപ്രായംതന്നെ മറ്റു പല കമ്മീഷനുകളും പറഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷൻ യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ഒരു കമ്മീഷന്റെ നിഗമനങ്ങളിൽ ഒന്ന് ഇതുതന്നെയാണ്.. അതുകൊണ്ടാണ് യു. ജി. സി. ഇപ്പോൾ നമ്മുടെ സെനറ്റിന്റെ കാര്യത്തിലും സിൻഡിക്കേറ്റിന്റെ കാര്യത്തിലും ഇന്ന് നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തണമെന്ന് നിർബന്ധിക്കുന്നത്. അങ്ങനെ മാറ്റിയെങ്കിൽ മാത്രമേ ഇപ്പോൾ പുതുതായി ആരംഭിച്ചിരിക്കുന്ന ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് അംഗീകാരം നൽകൂ എന്നാണ് അവർ പറഞ്ഞിരിക്കുന്നത്. ഇതേ മാനദണ്ഡംതന്നെ ഇന്ത്യയിലെ എല്ലാ യൂണിവേഴ്സിറ്റികൾക്കും ബാധകമാക്കണമെന്നുള്ള നിലപാടിലാണ് യു. ജി. സി. നിൽക്കുന്നതെന്നാണ് എനിക്ക് അവസാനമായി മനസ്സിലാക്കാൻ കഴിഞ്ഞത്. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ മാത്രമല്ല ഉന്നതവിദ്യാഭ്യാസരംഗത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട വിവിധ കമ്മീഷനുകൾ ഇതേ അഭിപ്രായംതന്നെ പ്രകടിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: യൂണിവേഴ്സിറ്റി നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷനെ നിശ്ചയിച്ചിരിക്കുന്നതെന്ന് പറഞ്ഞു. ഈ കമ്മീഷൻ മുമ്പാകെ ഗവൺമെൻറ് വല്ല ടേംസ് ഓഫ് റഫറൻസും വച്ചിരുന്നോ? ആദിമകാലത്തുള്ള വിദ്യാഭ്യാസനയത്തെക്കുറിച്ചാണോ ആദിശേഷയ്യാ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ അന്വേഷിച്ചത്? ഈ അടുത്ത കാലത്ത് പല ഗവൺമെന്റുകളും സ്വീകരിച്ചിട്ടുള്ള—സമൂഹത്തിന്റെ പുരോഗതിക്കും പിന്നോക്കവിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നതിക്കുംവേണ്ടി സ്വീകരിച്ചിട്ടുള്ള—നടപടികൾ കൂടുതൽ പ്രാവർത്തികമാക്കാനും അതിൽ പാളിച്ചകൾ വരാതിരിക്കാനും കൂടുതൽ നിർദ്ദേശങ്ങൾ വയ്ക്കുന്നതിനുംവേണ്ടി ഈ ടേംസ് ഓഫ് റഫറൻസിൽ ഒരു നയം എന്ന രീതിയിൽ ഗവൺമെന്റ് വല്ല നിർദ്ദേശവും അവരുടെ മുമ്പാകെ വച്ചിരുന്നോ? ഇക്കാര്യത്തിൽ കമ്മീഷന്റെ നിഗമനം എന്താണെന്ന് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. എം. ജേക്കബ്: കമ്മീഷനെ നിയോഗിച്ചത് യൂണിവേഴ്സിറ്റി നിയമത്തിലെ ഒരു വ്യവസ്ഥയനുസരിച്ചാണ്. പത്തുവർഷക്കാലത്തിലൊരിക്കൽ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടിയാണ് ആ കമ്മീഷൻ നിയോഗിക്കപ്പെട്ടത്. മേലാൽ പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ശുപാർശകൾ നൽകാൻ പറഞ്ഞിരുന്നു. അതോടൊപ്പംതന്നെ പരീക്ഷകളിലുണ്ടാകേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ചും നിർദ്ദേശിക്കാൻ പറഞ്ഞിരുന്നു. നിയമത്തിന് വിധേയമായിട്ടുള്ളതും അതിനുപുറമേ ഞാൻ പറഞ്ഞ ഈ രണ്ടുകാര്യങ്ങളും കൂടിയാണ് പരിശോധിക്കാൻ പറഞ്ഞിരുന്നത്. അത് പരിശോധിച്ചാണ് അവർ റിപ്പോർട്ട് നൽകിയിരിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ആദിശേഷയ്യാകമ്മീഷൻ റിപ്പോർട്ടിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലക്ക് പ്രോൽസാഹനം നൽകണമെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണോ ഈ അടുത്ത കാലത്ത് 15 സ്വകാര്യ പോളിടെക്നിക്കുകൾ അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്? അത് കമ്മീഷൻ റിപ്പോർട്ടുമായിട്ട് ബന്ധപ്പെട്ടതാണോ? അതല്ലെങ്കിൽ പിള്ള പ്രശ്നത്തിൽ മുഖ്യമന്ത്രിയുമായിട്ടുള്ള ഒരു ധാരണയുടെ അടിസ്ഥാനത്തിലാണോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം എന്തെങ്കിലും ചോദിക്കണമെന്നുള്ളതുകൊണ്ട് ചോദിച്ചതായിരിക്കും. ആദിശേഷയ്യാകമ്മീഷൻ പറഞ്ഞിരിക്കുന്നത് ഏഴാം പദ്ധതിക്കാലത്ത് പുതിയ കോളേജുകൾ വേണ്ടെന്നാണ്. പോളിടെക്നിക്കുകളെക്കുറിച്ച് പഠിക്കാൻ അദ്ദേഹത്തോടാവശ്യപ്പെട്ടിട്ടില്ല. അത് പഠിക്കാൻ വേറെ ആളുകളുണ്ട്. പഠിച്ചിട്ടുമുണ്ട്.

ശ്രീ. റ്റി. വി. വിജയരാജൻ: ആദിശേഷയ്യാകമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ മുതൽതന്നെ ഈ രാജ്യത്തുള്ള വിദ്യാർത്ഥി സംഘടനകളും അതുപോലെ രാഷ്ട്രീയ പാർട്ടികളും നേതാക്കൻമാരുമെല്ലാം എതിർപ്പ് പ്രകടിപ്പിച്ചു. ഈ നിയമസഭയിലും പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോയുള്ള വ്യത്യാസമില്ലാതെ എല്ലാപേരും ഒന്നടങ്കം ഈ റിപ്പോർട്ടിനെ എതിർക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി ഒന്ന് വിലയിരുത്തുമോ?

ശ്രീ. ടി. എം. ജേക്കബ്: എല്ലാപേരും എതിർത്തിട്ടില്ല. ബഹുമാനപ്പെട്ട വിജയരാജനു ഞാൻ ഇതിന്റെ കോപ്പി തരാം. അദ്ദേഹം വിശദമായിട്ട് ഇക്കാര്യത്തെക്കുറിച്ച് പഠിച്ചിട്ട് അഭിപ്രായം പറയട്ടെ.

ശ്രീ. എ. സി. ജോസ്: മറ്റുള്ള നിയമസഭാംഗങ്ങൾക്കും ഇതിന്റെ കോപ്പി തരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: എല്ലാ നിയമസഭാസാമാജികൻമാർക്കും ഇതിന്റെ കോപ്പി അയച്ചുകൊടുക്കാം. അവർ അത് വിശദമായിട്ട് പഠിച്ച് അവരുടെ അഭിപ്രായം കൂടി അറിഞ്ഞിട്ട് നമുക്ക് ആ കാര്യത്തിൽ നടപടിയെടുക്കാം.

ശ്രീ. സി. കെ. ചക്രപാണി: ഈ റിപ്പോർട്ടിന്റെ ചില ശുപാർശകൾ വായിച്ചപ്പോഴാണ് കൂടുതൽ സംശയം തോന്നിയത്. ഹരിജനങ്ങൾക്കും ആദിവാസികൾക്കും ചില കോളേജുകളിൽ 20 ശതമാനം റിസർവേഷനുണ്ട്. 50 ശതമാനമോ അല്ലെങ്കിൽ ടെസ്റ്റോ നടത്തി പ്രവേശനം കൊടുക്കാമെന്നുള്ള രീതിവരികയാണെങ്കിൽ ഇന്നുള്ള 20 ശതമാനം റിസർവേഷൻ നൽകുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകാമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ഡയറക്ടർ പേയ്മെന്റ് എഗ്രിമെന്റിൽ നമ്മളുണ്ടാക്കിയ വ്യവസ്ഥയാണ്. എന്താണെങ്കിലും ആ വ്യവസ്ഥ നിലനിൽക്കുന്നു. ഇങ്ങനെ ഒരു കാര്യം ചെയ്യാൻപോകുന്നുവെങ്കിലേ മറ്റൊരു കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുള്ളൂ. ഇതിൻമേൽ ഒരു അഭിപ്രായം രൂപീകരിക്കപ്പെടട്ടെ. അതിനുശേഷം നമുക്ക് മുന്നോട്ടുപോകാം. എന്താണെങ്കിലും നമ്മുടെ സമൂഹത്തിലെ പിന്നോക്കവിഭാഗം എന്നുള്ള നിലയ്ക്ക് ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കുമെല്ലാം നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും നിലനിറുത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ഹജ്ജ് തീർത്ഥാടകർ

*26 [30] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും 1985-ൽ ഹജ്ജ് തീർത്ഥാടനത്തിന് എത്ര പേർ പോയിട്ടുണ്ട്;

(ബി) ഹജ്ജ് തീർത്ഥാടനത്തിന് കേരളത്തിന്റെ കോട്ടാ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ;

(സി) വിമാനയാത്രയ്ക്ക് എത്രപേർക്ക് അനുമതി നൽകി?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): (എ) 2560 പേരെ തിരഞ്ഞെടുത്തു.

(ബി) ഓരോ സംസ്ഥാനത്തേയും മുസ്ലീം ജനസംഖ്യയുടെ അടിസ്ഥാനത്തിലല്ലാതെ യഥാർത്ഥ അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കോട്ടാ നിശ്ചയിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) 2257 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 504 പേരെ വെയിറ്റിംഗ് ലിസ്റ്റിൽ ചേർത്തിരുന്നു. വെയിറ്റിംഗ് ലിസ്റ്റിൽ ഉള്ളവരിൽ എത്ര പേർക്ക് അവസരം നൽകി എന്ന വിവരം കേന്ദ്രഹജ്ജ് കമ്മിറ്റിയിൽനിന്ന് സംസ്ഥാനകമ്മിറ്റിക്ക് ഇതേവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ഖണ്ഡിക നമ്പർ 25 (29) കാണുക]

Summary of Major Recommendations of Dr. Malcolm S. Adiseshiah Commission for University of Kerala

1. The University Departments have, on the whole, a satisfactory record of teaching and research. Yet they do not figure prominently on the national academic scene. Efforts must be made to overcome this academic isolation by maintaining active contacts with National Institutes and Research Organisations and by holding more All India Summer Institutes and workshops (2.2.2).

2. As the University Departments have highly qualified staff and good facilities, they may be encouraged to run their own specialised post-graduate courses (2.2.5), adopting the semester system and the practice of internal assessment (5.2.3.1).

3. There need be only one Board of Studies for one discipline and it should include 2 or 3 experts on the subject from outside the University. The Board is to be constituted by the Syndicate on the basis of proposals prepared by the Vice-Chancellor (2.2.6).

4. There should be an yearly assessment of the academic work and achievements of all the teachers and Heads of all Departments (2.4).

5. There is need for more decentralisation in the administrative set-up of the University. The Deans could be given more freedom and financial powers. The Deanship of the Faculties and the Headships of the Departments should be rotated among the Heads of Departments and Professors of the Department respectively on the principle of seniority. (2.5.1 & 8.3.6).

6. The commission has studied all aspects of the problem of the U.G.C. scales of pay. It recommends that the U.G.C. scales of pay should be implemented immediately in the University Departments and affiliated colleges enforcing the conditions attached thereto by the U.G.C. (2.4.2).

7. The physical facilities, particularly of Government Colleges, and academic attainments of many of the affiliated colleges are not satisfactory. The University should conduct periodical inspection of these colleges as required under the Act (3.1.1). No new Arts and Science Colleges should be started during VII Plan period (3.2.4) and funds available should be utilised for the proper maintenance and development of the existing institutions (3.2 2). And in future the conditions of affiliation as set forth in the Act and the statutes should be enforced strictly (3.2.2).

LIBRARY ARCHIVES Kerala Legislative Assembly

8. The commission finds that the rates of various items of fees are very low and bear no relation to the rate of inflation experienced during the last decade. So a hike in all items of fees like tuition fee, library fee, etc. is necessary and justifiable and is to be implemented immediately along with provision for freeships, scholarships and educational loans for students from poor families (3.2.5).

9. The academic standards of the colleges can be raised only by improving the quality of the academic staff. To ensure this, appointment of teachers should be made on the basis of U. G. C. qualifications (3.3.9) and provision made for recruitment of outside talent along with promotion of existing staff (3.3.6). Selection of staff should be on the basis of merit; and communal rotation and communal quota system should be dropped subject to constitutional provisions (3.7.1). Teachers should be encouraged to improve their qualifications through FIP and other forms of U.G.C. assistance (3.3.9). The College Development Council can play an effective role in securing the resources available from U.G.C. and other funding agencies (3.4.4.).

10. The Pre-degree course is beset with the problem of numbers and of location. To reduce the numbers, it is suggested that admission be restricted to those securing 50 % marks or more in the S. S. L. C. examination (5.2.2.3) or that each college admit students on the basis of an aptitude test conducted by it (3.5.2.). As for the location of the course, immediately one of the following measures may be adopted: (1) Shift the Pre-degree to Secondary Schools that are well-equipped and are willing to run this course, (2) Conduct the Pre-degree course in Junior Colleges which on that account should not be upgraded. In the long run the Pre-degree should be shifted to the school system as the Higher Secondary course (3.5.4).

11. To avoid the late starting of courses consequent on the delayed publication of University examination results, it is suggested that both under-graduate and post graduate courses start in time with students selected through admission tests conducted by the University Departments and Colleges (3.7.3).

12. Yet for the malaise that afflicts higher education in the State, the Commission finds only one lasting remedy. Colleges must be given the freedom (1) to devise and administer its own admission procedures, (2) to frame its own curriculum and (3) to operate its own evaluation system. Institutions that are willing to assume these responsibilities and strive for higher standards must be granted the freedom to do so. And as a step in this direction, academic autonomy may be granted to Government College for Women, Trivandrum and Mar Ivanios College, Trivandrum (3.6.1.7).

13. The Commission is impressed by the performance of the professional Colleges of the University like those of engineering, medicine and law. It suggests that the present practice of admitting students to

LIBRARY ARCHIVES Kerala Legislative Assembly

professional Colleges on the basis of an Entrance Test should be continued and extended to the Law Colleges also. (4 1.5 & 4.3.2). There should be Inter-University Co-ordination Boards to co-ordinate curricula and examinations (9.4.1). The desirability of setting up a University of Health Sciences should be explored as also the harmonising of the different systems of medicine in vogue (4.2.4). A separate Directorate for all the Law Colleges in the State is also recomended (4.3.5).

14. The study of the examination system shows that there are two possible remedies—amelioration of the defects of the present examination system and the adoption of measures that would lead to replacement of the present system. To reduce the present examination load of the University the following measures are suggested: (1) The conduct of Pre-degree examinations may be entrusted to an Inter-University Board (5.2.2.2). (2) Colleges may be empowered to conduct all examinations except those at the end of the course (5.2.2.4). (3) "Improvement examinations" may be abolished or restricted to one chance to be availed of on completion of the course. (5.2.2.5). (4) All supplementary examinations must be abolished (5.2.2.6), (5) The external Pre-degree Practical examination may be replaced by an internal Practical examination (5.2.2.8) and (6) The number of private candidates may be restricted by fixing 50% marks for eligibility (5.2.2.7).

15. But in order to make a more reliable assessment of students' knowledge and abilities, the University should adopt the Semester system and the practice of internal assessment beginning with the University Departments and extending it gradually to the post-graduate departments and undergraduate courses of affiliated colleges (5.2.3.2). The problem posed by the private candidates can be solved by establishing an Open University for the State (5.2.2.7).

16. The study of the infrastructure of the University shows that the physical facilities available at the Kariavattom Campus should be considerably augmented (6.1.1.3). The principle of locating the entire University at Kariavattom must be accepted and the scheme thereof be implemented by the end of the VII Plan (6.1.1.2). The main University Library should be built at Kariavattom and the Research, Reference and Journal Sections of the Trivandrum unit should be transferred to it (6.1.1.4-5) and Documentation Unit developed. Paucity of Departmental Libraries, especially in the area of journals, should be made good by the University.

17. The Commission finds that what is most needed in most of the affiliated colleges is a good, well-furnished Library and to this end suggests that in the developmental schemes of the colleges priority be given to the construction of library buildings with assistance from U.G.C. (6.2.1.).

LIBRARY ARCHIVES Kerala Legislative Assembly

18. Examination of University finances shows that there is a widening gap between income and expenditure. The rates of various items of fees like examination fees, tuition fees, etc., should be increased immediately (7.2.2). And the University should be more realistic in preparing its budget estimates (7.2.3.2 & 7.2.5). The numerous irregularities pointed out in the Audit Reports should be looked into and procedures evolved to eliminate them in future. And prompt action is required to liquidate all arrears due to the University (7.2.2) and recover all advances (7.2.8). The arrears in audit dating from 1979-80 should be cleared and audit brought up to-date (7.2.9). In this connection it is recomended that a Deputy Examiner from the Local Fund Account be appointed as the Finance Officer of the University (6.3.1). With the formation of Gandhiji University, the financial out-look of Kerala University appears bleak. Hence it is advisable that the finances of the University be reviewed by an expert committee to restructure its finances (7.2.4.2).

19. The direct payment of salaries to the teaching and non-teaching staff of the colleges has placed a heavy financial burden on the Government. As the expenditure on this account is far in excess of the tuition fees remitted to the Goverament, there is the need for enhancement of fee rates in order to reduce the gap to some extent (7.4.2.2 & 7.5.1). An increase in the rates of maintenance grant and contingent grants is also to be effected (7.4.2.1). And as the recovery of excess teaching grants paid to the colleges has been long delayed and appears not feasible, the amount involved might be written off (7.4.2) All the pending audit work of colleges should be taken up immediately and completed without delay. (7.5.3).

20. The commission views with concern the increasing politicisation of University bodies which are constituted mainly on the principle of election. To avoid this trend, it is suggested that the principle of election be replaced to a large extent by the principle of rotation on the basis of seniority or on the basis of nomination by the Chancellor on the recommendation of the Vice-Chancellor (8.1.6.). There should also be some reduction in the membership of the University bodies like the Senate, the Syndicate and the Academic Council so that these bodies become more viable and manageable (8.1.8.).

21. The autonomy of the University should be safeguarded. In order to ensure this, the Chancellor should, except on financial matters, act on his own on the advice of the Vice-Chancellor, as necessary (8.3.1.). The office of the Pro-Chancellor should be abolished (8.3.2.). and the procedure for the selection and appointment of the Vice-Chancellor should be changed (8.3.3.). The Pro-Vice-Chancellor and the Deans should be vested with more powers and responsibilities as part of a General scheme of decentralization of authority. (8.3.4 & 8.3.6.).

LIBRARY ARCHIVES Kerala Legislative Assembly

22. As for the Government Colleges, the Commission recommends that an Academic Advisory Board should be formed for every college (8.4.1). In the case of the Private Colleges, the Commission is of the view that the agreement between Government and the management of Private Colleges which is now ten years old should be reviewed in the light of the intervening events (8.4.2.). And in order to preserve the proper academic atmosphere in the campus, the Commission appeals to all political parties to leave academic institutions out of their orbit of operations (8.5.1).

23. Higher Education in Kerala presents a discouraging picture. To rejuvenate academic life, three measures as referred to earlier are necessary: (a) Only those who have aptitude for higher education should be admitted to University courses (b) examination system should be reformed in such a way that gradualy external examinations are replaced by internal assessment and the system of cumulative records. (c) University Departments and Colleges that show initiative and capacity for independent growth must be given the freedom to act as pioneers in pursuing academic excellence (8.1.1.).

24. Though the U.G.C. has suggested that the Senate could be dispensed with, the commission feels that the Senate has a very positive role to play in the academic world and that it should be continued with its existing powers and functions but with reduced membership (9.6.12.)

25. As higher education presents many important problems and subjects, both Inter-University and in relation to individual and society for study and research which has not been undertaken in India so far, the Commission suggests that a centre for Research on Higher Education should be set up under the auspices of all the Universities in the State, but academically independent of them, to study the problems of higher education (9.9.1-6).

SUMMARY OF RECOMMENDATIONS OF DR. MALCOLM S. ADISESHIAH COMMISSION REPORT ON THE UNIVERSITY OF CALICUT

1. The academic work of the University Departments in teaching and research is found to be generally satisfactory and even commendable in certain respects. But in order to facilitate further qualitative achievements, it is suggested that the University Departments should conduct their own specialised postgraduate courses, adopting the semester system and the system of internal assessment (1.2.4.). They should be granted academic autonomy gradually and as a first step in this direction, the innovation should be tried out immediately atleast in two Departments (1.2.5.).

LIBRARY ARCHIVES Kerala Legislative Assembly

2. There need be only one Board of Studies for each discipline and it should consist not only of teachers of the University Departments and Colleges but also those from outside the University area and experts with outstanding research and teaching experience. The Vice-Chancellor is to be responsible for all proposals for membership of the Board and the Syndicate is to be the appointing authority. The term of the members should be 3 years and 1/3 of the members are to retire every year by rotation (1.3.).

3. The University Departments and the affiliated colleges including Professional Colleges should admit students to undergraduate and post-graduate courses on the basis of an entrance test without waiting for the pre-degree and degree examination results which get delayed (1.4.1.).

4. The Deanship of the Faculties and the Headship of the Departments should be rotated every 3 years among the Heads of Departments and the Professors of the Departments respectively on the basis of seniority. (1.5.1&1.5.4).

5. The Departmental Council could be dispensed with and there should be provision for periodic assessment of the work of each Department and that of every member of the staff (1.5.5.6).

6. A study of the physical facilities of the Calicut campus of the University has revealed that immediate action is required to tighten the security system and to provide regular, adequate, uninterrupted supply of water and electricity and means of transport within the campus. Additional buildings are also required to meet the growing demands of the University at both the Calicut and Trichur Campuses (2·1 & 2·3). As for the Tellicherry Centre which has a spacious building commensurate with its needs, it is suggested that the unit of the English Department functioning there be brought back to the Calicut Campus and a Department of Anthropology be established in its place at Tellicherry (2.2)

7. Most of the affiliated colleges, particularly those run by the Government, do not seem to have the physical facilities necessary for academic pursuits. There is urgent need for repairs and maintenance work. The Government should make adequate financial provision for this and conduct its colleges as model institutions (3 2.1-6). Some of the affiliated colleges, it was seen, have not cared to fulfil the conditions of affiliation; disciplinary action should be taken against such institutions that persistently violate university directives in this respect. And the practice of granting conditional affiliation to colleges which gives scope for much abuse, should be stopped forthwith (3.3).

8. There is imperative need for raising the quality of post-graduate courses in the colleges. The University Departments could play an active role in this. And in order to ensure standards, future post-graduate affiliation should be granted only on the basis of U. G. C.

LIBRARY ARCHIVES Kerala Legislative Assembly

conditions and norms (3·4). No new Arts and Science Colleges should be established during VII Plan period, instead the existing ones must be developed. They should be encouraged to avail themselves of the various schemes of U G.C. assistance. For this, a college Development Council should be set up in the University (3.8) and a U.G.C. cell in every college.

9. There is need to review the provision for community and management quota fixed in 1972 in the agreement between Government and managements of Private Colleges (3.9).

10. Education has come to mean the mere process of passing examinations and securing degrees. To arrest this dangerous trend, degrees should be delinked from jobs (3.6) and drastic action taken to rejuvenate academic life. Educational institutions should be encouraged to innovate and experiment. To facilitate this, colleges which fulfil certain conditions and which wish to assume the responsibility of framing syllabi and conducting their own courses and examinations should be given the freedom and the opportunity to do so (3.7). The Regional Engineering College, Calicut is such an institution which deserves immediate conferment of academic autonomy (3.12.1).

11. To some of the complex problems posed by the overcrowded pre-degree course a two-fold remedy is suggested (1) As an immediate step one or more of the following suggestions may be implemented. (a) Shift the pre-degree course to the secondary schools that are well-equipped and are willing to accommodate the course immediately (b) conduct the pre-degree course in Junior colleges (c) Restrict admission to the course by raising the minimum marks for eligibility (d) Hold entrance tests for admission. (2) But in the long run, the pre-degree course should become part of the Higher Secondary School system (4.4).

12. Any attempt at examination reform should aim at reducing the heavy load on the examination wing of the University and making the examination a reliable assessment of the student's knowledge and abilities. To achieve this, a set of options are suggested (one or more of which could be adopted) such as fixing a higher percentage of mark for eligibility to college courses, restricting 'improvemen examination' to one sitting after the completion of the course and abolishing all supplementary examinations (5.5.2).

13. One of the reasons for the heavy load on the examination wing is the provision for private registration. The establishment of an Open University for the State of Kerala should help relieve the influx of private candidates (5.5.3). And the problems posed by the parallel colleges could be ignored for the time being and by-passed by raising the academic standards of affiliated colleges (5.4.2).

14. The examination system itself could be decentralised. The colleges could conduct the first/second year examination and the University need conduct only the final year examination of every course

LIBRARY ARCHIVES Kerala Legislative Assembly

(5.5.5). The external practical examination of the pre-degree course could be replaced by an internal practical examination. And an Inter-University Board could be entrusted with the job of holding pre-degree examinations for all candidates in the State (5 5.4). To make examinations more reliable and meaningful, the University, should revive the semester system and the practice of internal assessment, beginning with the University Departments and extending it gradually to cover the post-graduate and under-graduate courses in the affiliated colleges (5.5.6). These measures would be necessary until the colleges achieve autonomous status.

15. An analysis of the University finance has shown that there is a widening gap between income and expenditure. The rates of various items of fees like examination fee, registration fee etc. have remained the same for long they should be revised immediately (6 2.1).

16. The University should be more realistic in preparing its budget estimates (6.2.1.2.&6.2.2.). The Departments should be encouraged to prepare schemes and obtain financial support from aid giving agencies (6.2.3). The numerous irregularities pointed out in the Audit Reports should be looked into and procedures evolved to eliminate them in future (6.3). A Deputy Examiner from the Local Fund Account should be appointed as the Finance Officer of the University (6.3.1). And earnest efforts must be made to liquidate all arrears due to the University (6.2.4.).

17. The agreement between the Government and the private colleges has placed a heavy financial burden on the Government as the latter is responsible for the direct payment of salaries to the teaching and non-teaching staff of the private colleges. The expenditure on this account being far in excess of the tuition fees remitted to the Government; a hike in tuition fees is found to be necessary and justifiable. And as in the case of the University Departments, the Commission recommends an increase in various items of fees like library fee, laboratory fee etc., in order to relieve the financial position of the colleges (6.4.4.). An increase in the rates of Maintenance Grant is also recommended (6.4.5). As the recovery of excess teaching grants paid to the colleges has been long delayed and appears not feasible the amount involved might be written off (6.4.4.1.). Like the University Departments, the colleges too should be helped to avail themselves of various forms of assistance from the UGC and other aid giving agencies (6.4.6.1).

18. As the audit of college accounts has been in arrears for long, all pending audit works should be taken up as a crash programme and completed without delay (6.4.9.1).

19. The Commission is of the view that laymen also should have a place in the decision making bodies of the University (7.1.I.). But at the same time efforts must be made to depoliticise academic life and

LIBRARY ARCHIVES Kerala Legislative Assembly

activities. As an immediate step in this direction, the principle of election should be replaced to a large extent by the principle of rotation on the basis of seniority or on the basis of nomination by the Chancellor (7.3.1). There should also be some reduction in the membership of the University bodies like the senate, the syndicate and the Academic Council so that these bodies become more viable and manageable (7.4.1-2). The Students' Union should be made a voluntary organisation with representation in the main University bodies (7.4.3).

20. The autonomy of the University should be preserved. To make this possible the Chancellor should, except on financial matters, act on his own the advice of the Vice-Chancellor as appropriate (7.6.1). The office of the Pro-Chancellor should be abolished (7.6.2.) and the procedure for the choice and appointment of the Vice-Chancellor should be altered (7.6.3). The Pro-Vice-Chancellor and the Deans should be vested with more functions as part of a general policy of decentralisation of authority (7.6.4&7.6.6.).

21. An academic Advisory Body should be formed for every Government College (7.7.1). In the case of the Private Colleges, the Commission is of the view that the agreement between the Government and the Managements of Private colleges which is more than ten years old should be reviewed in the light of intervening events (7.7.2). And in order to maintain academic calm in the campus, the political parties should impose restraints on themselves and leave the academic institutions outside the orbit of their operations (7.8.1).

22. To restore the academic health of the University three measures are necessary: (1) Only those who have aptitude for higher education should be admitted to University Courses (ii) Examination system should be reformed in such a way that gradually external examinations are replaced by internal assessment and the system of cumulative records. (iii) University Departments and Colleges that show initiative and capacity for independent growth must be given the freedom to act as pioneers in pursuing academic excellence (8.1.1).

23. In the field of professional higher education the Commission is of the view that an Inter-University Co-ordination Board must be set up to Co-ordinate curricula and examinations (8.4).

24. Though the 'new thinking' of the UGC, is to dispense with the Senate, the Commission recommends that the Senate should be continued with its existing powers and functions but with reduced membership (8.6.10.).

25. The time has come to recognise higher education as a legitimate subject for study and research. With this in view, a Centre for Research on Higher Education in Kerala should be set up under the auspices of the Universities in the State, but academically independent of them, to study the problems of higher education. (8. 8. 1-6).

LIBRARY ARCHIVES Kerala Legislative Assembly